മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം .കെ. മുനീർ) : സർ, തൃശ്ശൂർ ജില്ലയിൽ എൻ.എച്ച്. 17-ഉം എൻ.എച്ച് 47-മായി ബന്ധപ്പെട്ട 16 കിലോമീറ്റർ ദൂരമുള്ള വാടാനപ്പിള്ളി-കണ്ടശ്ശാങ്കടവ്-കാഞ്ഞാണി തൃശ്ശൂർ ലിങ്ക് റോഡ് ലോക ബാങ്കിന്റെ സഹായത്തോടെ ഏറ്റെടുക്കാൻ ഉദ്ദേശിച്ചെങ്കിലും സ്ഥലം കൃത്യമായി ലഭിക്കാത്തതിന്റെ പേരിൽ അത് ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. കാഞ്ഞാണി, കണ്ടശ്ശാങ്കടവ്, ഒളരി എന്നീ ടൗണുകളിൽക്കൂടി കടന്നുപോകുന്ന റോഡിന്റെ ഇരുവശവും കെട്ടിടങ്ങൾ ധാരാളം വരുന്നതുകാരണം ഭൂമി സൗജന്യമായി ലഭിക്കുന്നതിന് ബുദ്ധിമുട്ടാണ്. സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്കു മാത്രമേ പണി നടത്താൻ സാധിക്കുകയുള്ളൂ. ലാൻഡ് അക്വിസിഷൻ നടപടിയിലൂടെ സ്ഥലം ലഭ്യമാക്കാൻ എത്രയുംവേഗം നടപടി സ്വീകരിക്കും.

മി. സ്പീക്കർ : എൻ.എച്ച് 17-ഉം എൻ.എച്ച്. 47-ഉം തമ്മിലുള്ള കണക്ടിംഗ് റോഡായതുകൊണ്ട് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കാൻ നിർദ്ദേശം കൊടുത്തുകൂടേ ?

ശ്രീ. എം. കെ. മുനീർ : അങ്ങനെ ഒരു പ്രൊപ്പോസൽ കിട്ടിയാൽ ഗവണ്മെന്റ് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കും.

(12). മലയാളം ന്യൂസ് സ്റ്റാഫ് റിപ്പോർട്ടർക്ക് നേരെയുണ്ടായ പോലീസ് കയ്യേറ്റം

ശ്രീ. പി. നാരായണൻ : സർ, സൗദി അറേബ്യയിലെ പ്രമുഖ മലയാളപത്രമായ മലയാളം ന്യൂസിന്റെ സ്റ്റാഫ് റിപ്പോർട്ടറും പത്രപ്രവർത്തക യൂണിയൻ അംഗവുമായ ശ്രീ. സനൽകുമാറിനെ 6-2-2006-ന് രാത്രി 12 മണിക്ക് വൈക്കം ബസ് സ്റ്റാന്റിൽ വച്ച് കള്ളനെന്ന് പറഞ്ഞ് തടഞ്ഞുവച്ച് അസഭ്യം വിളിക്കുകയും കയ്യേറ്റം ചെയ്യുകയും പ്രസ് അക്രഡിറ്റേഷൻ കാർഡും കെ.എസ്.ആർ.ടി.സി. യാത്രാപാസും പിടിച്ചുവാങ്ങി നശിപ്പിക്കുകയും ചെയ്ത സംഭവമുണ്ടായി. കോട്ടയത്തേക്ക് ബസ് കാത്തുനിൽക്കവെ സ്റ്റാന്റിൽ റോന്ത് ചുറ്റിയ പോലീസ് ശ്രീ. സനൽകുമാറിനെ തടഞ്ഞുവച്ച് കള്ളനെന്ന് പറഞ്ഞ് ചോദ്യം ചെയ്യാൻ ആരംഭിച്ചപ്പോൾ താൻ പത്രപ്രവർത്തകനാണെന്നതിനുള്ള പ്രസ് അക്രഡിറ്റേഷൻ കാർഡും കെ.എസ്.ആർ.ടി.സി. യാത്രാ പാസും കാണിച്ചപ്പോൾ രണ്ട് പാസും പിടിച്ചുവാങ്ങി വലിച്ചെറിയുകയുണ്ടായി. ഇതൊക്കെ ഏതൊരു കള്ളനും കൊണ്ടുനടക്കാവുന്ന വ്യാജരേഖകളാണെന്ന് പറഞ്ഞ് അസഭ്യം പറയുകയും കയ്യേറ്റം ചെയ്യുകയും ചെയ്തു. തുടർന്ന് ശ്രീ. സനൽകുമാർ കോട്ടയം എസ്.പി.-ക്ക് പരാതി നൽകി. ഈ സംഭവത്തിൽ പത്രപ്രവർത്തക യൂണിയനും ശക്തമായി പ്രതിഷേധിച്ചിട്ടുണ്ട്. ഈ സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷിക്കുകയും കുറ്റക്കാരുടെ പേരിൽ അടിയന്തിര നടപടി ഉണ്ടാകുകയും ചെയ്യണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : കോട്ടയം വൈക്കം ബസ് സ്റ്റാന്റിൽ ബസ് കാത്തുനിന്നിരുന്ന മലയാളം ന്യൂസിന്റെ സ്റ്റാഫ് റിപ്പോർട്ടറായ ശ്രീ. സനൽകുമാറിനോട്

LIBRARY ARCHIVES Kerala Legislative Assembly

വൈക്കം പോലീസ് സ്റ്റേഷനിലെ രണ്ട് പോലീസുകാർ അപമര്യാദയായി പെരുമാറി എന്നാരോപിച്ച് അദ്ദേഹം കോട്ടയം ജില്ലാ സൂപ്രണ്ടിന് പരാതി നൽകി. അക്കാര്യത്തെപ്പറ്റി അന്വേഷണം നടത്തി റിപ്പോർട്ട് നൽകുവാൻ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി.-ക്ക് ജില്ലാ പോലീസ് സൂപ്രണ്ട് നിർദ്ദേശം നൽകി. ഡിവൈ.എസ്.പി. വിശദമായ അന്വേഷണം നടത്തിയതിൽ, 6-2-2006-ന് വൈക്കം പോലീസ് സ്റ്റേഷനിലെ രണ്ട് പോലീസുകാർ നൈറ്റ് ഡ്യൂട്ടി നോക്കിവരവെ വൈക്കം ബസ് സ്റ്റാന്റിൽ ബസ് കാത്തുനിന്നിരുന്ന ശ്രീ. സനൽകുമാറിനോട് പരുഷമായി പെരുമാറിയതായി കണ്ടെത്തി. അതിനാൽ ആ രണ്ട് പോലീസുകാരെയും 11-2-2006-ന് കോട്ടയം സായുധസേന ക്യാമ്പിലേക്ക് തീവ്രപരിശീലനത്തിനായി അയച്ചിട്ടുണ്ട്.

V. റിപ്പോർട്ട് സമർപ്പണം

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ തൊണ്ണൂറ്റിമൂന്ന് മുതൽ നൂറ്റിപ്പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

ഡോ. തോമസ് ഐസക് : സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ തൊണ്ണൂറ്റിമൂന്ന് മുതൽ നൂറ്റിപ്പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഒൻപത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി.പി. മുഹമ്മദ് : സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒൻപത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒൻപതും പത്തും റിപ്പോർട്ടുകൾ

ശ്രീ. എം. മുരളി : സർ, ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒൻപതും പത്തും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly